# കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്

**(ഒരു കേരള സർക്കാർ സ്ഥാപനം)**

## എഫ്.ഡി.പി ഡിപ്പാർട്മെൻറ്

KPPL/PaG/50/2023 20.05.2024

## വിജ്ഞാപനം

പേപ്പർ നിർമാണാവശ്യത്തിനായി ഗേറ്റ് പർച്ചേസ് സ്കീം-2024 പ്രകാരം 31/08/2024 വരെ കമ്പനി സംഭരിക്കുന്ന പൾപ്പബിൾ അസംസ്കൃത വസ്തുക്കളുടെ വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു.

| ക്ര. നം. | അസംസ്കൃത വസ്തു | രൂപ/ മെട്രിക് ടൺ* |
|---|---|---|
| 1 | മുള / ഈറ്റ | 5300 |
| 2 | അക്കേഷ്യ/മാഞ്ചിയം | 4700 |
| 3 | വട്ട | 3700 |
| 4 | മുരിക്ക് | 2500 |
| 5 | മഴമരം | 3300 |

*ജി.എസ്.ടി ഒഴികെയുള്ള നിരക്ക്

സ്കീമിൻറെ നിബന്ധനകളും മറ്റു നിർദ്ദേശങ്ങളും ചുവടെ കൊടുത്തിരിക്കുന്നു. പർച്ചേസ് ഓർഡർ ലഭിക്കുന്നതിനായി ബാങ്ക് പാസ്സ്ബുക്, ആധാർ കാർഡ്, പാൻകാർഡ് എന്നിവയുടെ അസ്സൽ/ ശരിയായ പകർപ്പുകളുമായി കമ്പനി എഫ്.ഡി.പി. ഡിപ്പാർട്മെന്റിൽ എത്തിച്ചേരുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: ☎ 9447330664 / 9447213047, അല്ലെങ്കിൽ സന്ദർശിക്കുക www.keralapaper.in

**HOD(Coml)**

# ഗേറ്റ് പർച്ചേസ് സ്കീം -2024 ൻറെ നിബന്ധനകളും മറ്റു നിർദ്ദേശങ്ങളും

**1. പ്രത്യേക നിർദ്ദേശങ്ങൾ**

(a) **മുള:** മുള പാകമായതും ശരിയായി വൃത്തിയാക്കിയതും ആയിരിക്കണം. കത്തിക്കരിഞ്ഞതോ വെള്ളം കയറിയതോ ആയ തണ്ടുകൾ ഒഴിവാക്കേണ്ടതാണ്. നീളം 2 m കുറയാൻ പാടില്ല. 'ഡിപ്പോ ബാംബൂ' സ്വീകരിക്കുന്നതല്ല.

(b) **മറ്റു മരങ്ങൾ:** മരക്കഷ്ണങ്ങൾ പുതിയതും പുറംതൊലി കളഞ്ഞതുമായിരിക്കണം. വളവുകൾ, വേരുകൾ, കെട്ടുകൾ, ശാഖകൾ, നിറവ്യത്യാസം, തുരപ്പൻ അല്ലെങ്കിൽ ഫംഗസ് ആക്രമണം, ചെളി, പെയിൻറ്, ടാർ അല്ലെങ്കിൽ മറ്റേതെങ്കിലും ബാഹ്യ വസ്തുക്കളിൽ നിന്ന് മുക്തമായതും കത്തിക്കരിഞ്ഞിട്ടില്ലാത്തതും ആയിരിക്കണം, മരത്തടിയെ 2 m/ 2.2 m/ 2.4 m നീളത്തിലുള്ള കഷ്ണങ്ങളായി യന്ത്ര വാളുകൾ ഉപയോഗിച്ചു മുറിക്കേണ്ടതാണ് . പ്രത്യേക അനുമതി ലഭിക്കാത്ത പക്ഷം മുകളിൽ പറഞ്ഞവ ഒഴികെയുള്ള നീളമുള്ള മരക്കഷ്ണങ്ങൾ ഇവിടെ സ്വീകരിക്കുന്നതല്ല. മരക്കഷ്ണങ്ങളുടെ ചുറ്റളവ് 20 cm ൽ കുറയുവാനോ 120 cm ൽ കൂടുവാനോ പാടുള്ളതല്ല. 120 cm ൽ കൂടുതലുള്ള കഷ്ണങ്ങൾ നാലായി വിഭജിച്ചു കൊണ്ടുവരവരേണ്ടതാണ്. അല്ലാത്തപക്ഷം കഷ്ണമൊന്നിനു 150 രൂപ വിതരണക്കാരന്റെ ബില്ലിൽ നിന്നും പിഴയായി ഈടാക്കുന്നതാണ്.

(c) **മറ്റു ഘടകങ്ങൾ:** വിതരണം ചെയ്യുന്ന വസ്തുക്കൾ ന്യൂസ്പ്രിൻറ് നിർമ്മാണത്തിന് അനുയോജ്യമായ പൾപ്പ് ഗ്രേഡുള്ളവയായിരിക്കണം. കൂടുതൽ അളവിൽ വിതരണം ചെയ്യാനാഗ്രഹിക്കുന്നവർ വിതരണം ഏറ്റെടുക്കുന്നതിന് മുമ്പേ തന്നെ വസ്തുക്കളുടെ മതിയായ സാമ്പിളുകൾ കമ്പനിയിൽ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

**2. നിരക്ക്**

വസ്തുക്കൾ കമ്പനിയിൽ എത്തിച്ചുതരുന്നതിന്റെ ജി.എസ്.ടി ഒഴികെയുള്ള നിരക്കാണ് മുകളിൽ പറഞ്ഞിട്ടുള്ളത്. ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വിതരണക്കാർ രേഖകൾ ഹാജരാക്കുന്ന പക്ഷം നിരക്കിൽ ജി.എസ്.ടി അധികമായി ഉൾപ്പെടുത്താവുന്നതാണ്.

**3. KPPL മുഖേനയുള്ള പരിശോധന**

തൂക്കിയതിനു ശേഷമുള്ള വസ്തുക്കൾ മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ എന്ന് ഉറപ്പുവരുത്തുന്നതിനായി, വിതരണക്കാരൻറെയോ അംഗീകൃത ഏജന്റിന്റെയോ സാന്നിധ്യത്തിൽ കമ്പനിയുടെ അംഗീകൃത പ്രതിനിധി പരിശോധന നടത്തുന്നതാണ്. ഇത്തരത്തിൽ നിബന്ധനകൾക്ക് അനുസൃതമല്ലാത്ത വസ്തുക്കൾ കമ്പനി ഒരുകാരണവശാലും സ്വീകരിക്കുന്നതല്ല. ഇക്കാര്യത്തിൽ കമ്പനിയുടെ തീരുമാനം അന്തിമവും വിതരണക്കാർക്ക് പൂർണമായും ബാധകവുമാണ്. അത്തരം വസ്തുക്കൾ തിരിച്ചെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, വിതരണക്കാർ അവരുടെ സ്വന്തം ചിലവിൽ ഇവയെ തരംതിരിക്കുകയും കൊണ്ടുവന്ന അതേ വാഹനത്തിൽ തിരികെ കൊണ്ടു പോവുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം വിതരണക്കാർക്ക് അത്തരം വസ്തുക്കളിലുള്ള ഏതെങ്കിലും തരത്തിലുള്ള അവകാശം നഷ്ടപ്പെടുന്നതാണ്.

**4. തൂക്കം നോക്കൽ**

വാഹനത്തിന്റെ ഭാരം കയറ്റിയ നിലയിലുള്ള മൊത്തത്തൂക്കത്തിന്റെയും ഭാരമിറക്കിയ ശേഷമുള്ള കാലിത്തൂക്കത്തിന്റെയും വ്യത്യാസമായിരിക്കും വിതരണം ചെയ്യുന്ന വസ്തുവിന്റെ ആകെത്തൂക്കമായി പരിഗണിക്കുക. ഇത്തരത്തിൽ വിതരണക്കാരൻറെയോ അംഗീകൃത ഏജന്റിന്റെയോ സാന്നിധ്യത്തിൽ കമ്പനിയുടെ ഗവണ്മെന്റ് അംഗീകൃത

വെയിങ് ബ്രിഡ്ജിൽ രേഖപ്പെടുത്തുന്ന തൂക്കം വിതരണക്കാർക്ക് ബാധകവും അന്തിമവുമായിരിക്കുന്നതാണ്.

**5. ഭാരമിറക്കലും അടുക്കിവെക്കലും**

ഇവിടെ എത്തിച്ച വാഹനങ്ങളിൽ നിന്നും ഭാരമിറക്കുന്നതും ശരിയായ സ്ഥാനങ്ങളിൽ അടുക്കിവെക്കുന്നതും കമ്പനിയുടെ ഉത്തരവാദിത്വമായിരിക്കുന്നതാണ്. ഇതിൻറെ ചിലവ് പൂർണമായും കമ്പനി വഹിക്കുന്നതാണ്.

**6. പണം നൽകുന്നതിൻറെ വ്യവസ്ഥകൾ**

കമ്പനിയിൽ എത്തിച്ചതും തുടർന്ന് കമ്പനി സ്വീകരിച്ചതുമായ വസ്തുക്കളുടെ കുടിശ്ശിക കഴിച്ചുള്ള വില, ബില്ലും മറ്റു അനുബന്ധ രേഖകളും കമ്പനി ലോഗ് യാർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിതരണക്കാരൻറെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. ജി.എസ് ടി രെജിസ്ട്രേഷൻ ഉള്ള വിതരണക്കാർ അതുമായി ബന്ധപ്പെട്ട രേഖകൾ കമ്പനിയിൽ മുൻകൂട്ടി ഹാജരാക്കേണ്ടതാണ്.

**7. വനനിയമങ്ങളുടേയും ചട്ടങ്ങളുടെയും പാലനം**

സംസ്ഥാന വനംവകുപ്പ് കാലാകാലങ്ങളിൽ പരിഷ്കരിച്ചു വരുന്ന വനനിയമങ്ങളും ചട്ടങ്ങളും വിതരണക്കാരൻ കർശനമായി പാലിക്കേണ്ടതാണ് . ഏതെങ്കിലും സാഹചര്യത്തിൽ വിതരണക്കാരൻറെ ഭാഗത്തുനിന്നുള്ള അത്തരം നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം കാരണം കമ്പനിക്ക് പിഴയോ നാശനഷ്ടമോ വന്നു കഴിഞ്ഞാൽ അത് കമ്പനി വിതരണക്കാരനിൽ നിന്നും പൂർണ്ണമായും ഈടാക്കുന്നതാണ്.

**<u>പ്രത്യേക വ്യവസ്ഥകൾ</u>**

1. ഈ കരാറിൽ ഏർപ്പെടുന്ന രണ്ടു കക്ഷികൾക്കും 7 ദിവസത്തെ ഹ്രസ്വ അറിയിപ്പോടുകൂടി പ്രത്യേകിച്ച് യാതൊരു കാരണവും ബോധിപ്പിക്കാതെ ബാധ്യതകളൊന്നുമില്ലാതെ ഇതിൽ നിന്നും പിന്മാറാവുന്നതാണ്.
2. കേരളത്തിനകത്തുനിന്നുള്ളതും പുറത്തുനിന്നുള്ളതുമായ വസ്തുക്കളുടെ വിതരണത്തിന് ഈ പർച്ചേസ് ഓർഡർ ഉപയോഗിക്കാവുന്നതാണ്.
3. കമ്പനിയുടെ പേരിൽ ഡിപ്പോകളിൽ നിന്നും വസ്തുക്കൾ വാങ്ങി കമ്പനിക്കു തന്നെ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഈ വ്യവസ്ഥയുടെ ലംഘനം അറിയിപ്പ് കൂടാതെ പർച്ചേസ് ഓർഡർ റദ്ദാക്കപ്പെടാൻ കാരണമാകും.
4. പർച്ചേസ് ഓർഡർ ലഭിച്ച ഉടൻ തന്നെ വസ്തുക്കൾ വിതരണം ചെയ്യാൻ ആരംഭിക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം അറിയിപ്പ് കൂടാതെ ഉത്തരവ് പിൻവലിക്കുന്നതാണ്.
5. പർച്ചേസ് ഓർഡർ നൽകുന്നത് കമ്പനിയുടെ വിവേചനാധികാരമാണ്. പർച്ചേസ് ഓർഡർ നൽകണമെന്ന് കമ്പനിയോട് ആവശ്യപ്പെടാൻ വിൽപ്പനക്കാർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.
6. പർച്ചേസ് ഓർഡറിൽ രേഖപ്പെടുത്തിയതിലും കൂടുതൽ അളവ് വിതരണം ചെയ്യാൻ താല്പര്യപ്പെടുന്നുവെങ്കിൽ ഇതിനായുള്ള അനുമതി കമ്പനിയിൽ നിന്നും മുൻകൂറായി രേഖാമൂലം വാങ്ങേണ്ടതാണ്.
7. വിതരണം 31.08.2024-ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

**K.P.P.L -നു വേണ്ടി**

**Accepted by the supplier** **HOD(Coml)**